## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.969 09.08.2017 ൽ മറുപടിയ്ക്ക്**

## പുതിയ മദ്യനയം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.എ.കെ.ശശീന്ദ്രൻ**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ** | | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | സർക്കാരിന്റെ പുതിയ മദ്യനയം മൂലം 2017 ജൂലൈ 31 വരെ അധികമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഉണ്ടായ വർധനവ് എത്രയെന്ന് വിശദമാക്കാമോ? | (എ) | പുതിയ മദ്യനയം മൂലം ബാറുകൾ തുറന്നത് വഴി 457 തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷത്തെ സമാന കാലയളവിനെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷം ജൂലൈ മാസം വരെയുള്ള ആകെ വരുമാനത്തിൽ 3.2 % കുറവ് ഉണ്ടായിട്ടുള്ളതാണ്.<br><br>ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ മദ്യ വിൽപ്പന ശാലകൾ പ്രവർത്തിക്കുന്നതിനെതിരായ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം പ്രവർത്തിച്ചിരുന്ന 110-ാളം എഫ്.എൽ.1 റീട്ടെയിൽ ഔട്ട്ലറ്റുകളും 7 എഫ്.എൽ.3 ബാർ ഹോട്ടലുകളും, 18 എഫ്.എൽ.4.എ ക്ലബ്ബുകളും, 480- ഓളം എഫ്.എൽ.11 ബിയർ & വൈൻ പാർലറുകളും 2017 ഏപ്രിൽ 1 മുതൽ തുറന്ന് പ്രവർത്തിക്കുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. ആയതുമൂലം മദ്യത്തിന്റെ വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിനാലും മേൽപ്രകാരം സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് അടക്കമുള്ള ഇനങ്ങളിൽ വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതിനാലുമാണ് എക്സൈസ് വകുപ്പ് വഴിയുള്ള വരുമാനത്തിൽ ഇടിവ് സംഭവിച്ചിട്ടുള്ളത്. എന്നിരുന്നാലും പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 100-ാളം എഫ്.എൽ.11 ഷോപ്പുകൾ എഫ്.എൽ.3 ഷോപ്പുകളായി പരിവർത്തനം ചെയ്തത് മൂലം മേൽപ്രകാരമുള്ള വരുമാന നഷ്ടം ഒരു പരിധിവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുള്ളതാണ് |

**സെക്ഷൻ ഓഫീസർ**